# FAQ: Annual Pass facility for FASTag Users

# പതിവ് ചോദ്യങ്ങൾ: ഫാസ്ടാഗ് ഉപയോക്താക്കൾക്കുള്ള വാർഷിക പാസ് സൗകര്യം

**Q1. What is the FASTag Annual Pass?**

**ചോദ്യം 1. എന്താണ് ഫാസ്ടാഗ് വാർഷിക പാസ്?**

Annual Pass activated on the FASTag allows free passage of private car/jeep/van at designated National Highway (NH) and National Expressway (NE) fee plazas for one year or 200 trips (whichever is earlier), without per-trip user fee charges. The Annual Pass will be effective from 15th August 2025.

ഫാസ്ടാഗിൽ ആക്ടിവേറ്റ് ചെയ്ത വാർഷിക പാസ്, നിയുക്ത നാഷണൽ ഹൈവേ (എൻ.എച്.), നാഷണൽ എക്സ്പ്രസ് വേ (എൻ.ഇ.) ഫീ പ്ലാസകളിൽ സ്വകാര്യ കാർ/ജീപ്പ്/വാൻ എന്നിവ ഒരു വർഷത്തേക്കോ 200 യാത്രകൾക്കോ (ഏതാണോ ആദ്യം വരുന്നത്) ഓരോ യാത്രയ്ക്കും ഉപയോക്തൃ ഫീസ് അടയ്ക്കാതെ സൗജന്യമായി കടന്നുപോകാൻ അനുവദിക്കുന്നു, . വാർഷിക പാസ് 2025 ഓഗസ്റ്റ് 15 മുതൽ പ്രാബല്യത്തിൽ വരും.

**Q2. Where can I purchase the Annual Pass?**

**ചോദ്യം 2. വാർഷിക പാസ് എനിക്ക് എവിടെ നിന്ന് വാങ്ങാനാകും?**

The Annual Pass can be activated only on the Rajmargyatra mobile application and NHAI website.

രാജ്മാർഗ്യാത്ര മൊബൈൽ ആപ്ലിക്കേഷനിലും എൻ.എച്.എ.ഐ. വെബ്സൈറ്റിലും മാത്രമേ വാർഷിക പാസ് ആക്ടിവാക്കാൻ കഴിയൂ.

**Q3. How will the Annual Pass be activated?**

**ചോദ്യം 3. വാർഷിക പാസ് എങ്ങനെയാണ് ആക്ടിവാക്കുന്നത്?**

The Annual Pass will be activated after verifying the eligibility of the vehicle and the associated FASTag. Upon successful verification, the user must make a payment of ₹3,000 for the base year 2025–26 through the Rajmargyatra mobile application or NHAI website. Once the payment is confirmed, the Annual Pass will be activated on the registered FASTag normally within 2 hours.

വാഹനത്തിന്റെ യോഗ്യതയും അനുബന്ധ ഫാസ്റ്റ്ടാഗും പരിശോധിച്ചതിന് ശേഷം വാർഷിക പാസ് സജീവമാക്കും. വിജയകരമായ വെരിഫിക്കേഷൻ കഴിഞ്ഞാൽ, ഉപയോക്താവ് രാജ്മാർഗ്യത്ര മൊബൈൽ ആപ്ലിക്കേഷൻ വഴിയോ എൻ.എച്ച്.എ.ഐ. വെബ്സൈറ്റ് വഴിയോ 2025-26 അടിസ്ഥാന വർഷത്തേക്ക് 3,000 രൂപയുടെ ഒരു പേയ്മെന്റ് നടത്തണം. പേയ്മെന്റ് സ്ഥിരീകരിച്ചുകഴിഞ്ഞാൽ, സാധാരണയായി 2 മണിക്കൂറിനുള്ളിൽ രജിസ്റ്റർ ചെയ്ത ഫാസ്റ്റ്ടാഗിൽ വാർഷിക പാസ് ആക്ടിവേറ്റാകും.

**Q4. If I already have a FASTag, do I need to buy a new one for the Annual Pass?**

**ചോദ്യം 4. എനിക്ക് ഇതിനകം തന്നെ ഒരു ഫാസ്റ്റ്ടാഗ് ഉണ്ടെങ്കിൽ, വാർഷിക പാസിനു വേണ്ടി പുതിയൊരെണ്ണം വാങ്ങേണ്ടതുണ്ടോ?**

No. You do not need to purchase a new FASTag. The Annual Pass can be activated on your existing FASTag, provided it meets the eligibility criteria (i.e., it is properly affixed on the vehicle’s windshield, linked to a valid Vehicle Registration Number, not blacklisted etc).

വേണ്ട. നിങ്ങൾ പുതിയൊരു ഫാസ്റ്റ്ടാഗ് വാങ്ങേണ്ടതില്ല. യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ (അതായത്, വാഹനത്തിന്റെ വിൻഡ്ഷീൽഡിൽ ശരിയായി ഒട്ടിച്ചിരിക്കണം, സാധുവായ വാഹന രജിസ്ട്രേഷൻ നമ്പറുമായി ബന്ധിപ്പിച്ചിരിക്കണം, കരിമ്പട്ടികയിൽ പെടുത്തിയിട്ടില്ല എന്നിവ) നിങ്ങളുടെ നിലവിലുള്ള ഫാസ്റ്റ്ടാഗിൽ വാർഷിക പാസ് സജീവമാക്കാം.

**Q5. Which Fee Plazas are covered under the Annual Pass?**

**ചോദ്യം 5. ഏതൊക്കെ ഫീ പ്ലാസകളാണ് വാർഷിക പാസിന് കീഴിൽ വരുന്നത്?**

It is valid only at National Highway (NH) and National Expressway (NE) fee plazas. At fee plazas on Expressways, State Highways (SH), etc. managed by State Governments or local bodies, parkings etc., the FASTag will operate as a regular FASTag, and applicable user fee charges may apply.

അതിന് നാഷണൽ ഹൈവേ (എൻ.എച്ച്.), നാഷണൽ എക്സ്പ്രസ് വേ (എൻ.ഇ.) ടോൾ പ്ലാസകളിൽ മാത്രമേ സാധുതയുള്ളൂ. സംസ്ഥാന സർക്കാരുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നിയന്ത്രിക്കുന്ന എക്സ്പ്രസ് വേകൾ, സംസ്ഥാന ഹൈവേകൾ (എസ്.എച്ച്) മുതലായവയിലെ ഫീ പ്ലാസകൾ, പാർക്കിംഗുകൾ

മുതലായവയിൽ, ഫാസ്റ്റ് ടാഗ് ഒരു സാധാരണ ഫാസ്റ്റ് ടാഗ് ആയി പ്രവർത്തിക്കും, അതിന് ബാധകമായ ഉപയോക്തൃ ഫീസ് നിരക്കുകൾ ബാധകമായിരിക്കുന്നതാണ്.

**Q6. How long is the Annual Pass valid?**

**ചോദ്യം 6. വാർഷിക പാസിന് എത്ര കാലത്തേക്ക് സാധുതയുണ്ട്?**

The Annual Pass is valid for one year from the date of activation or 200 transactions (trips), whichever comes first. Once the Annual Pass completes either 200 trips or one year from the date of activation, it will automatically revert to a regular FASTag. To continue using the Annual Pass benefits, the user will need to re-activate the Annual Pass to get 200 trips / 1 year validity.

ആക്ടിവേഷൻ തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ 200 ഇടപാടുകൾ (ട്രിപ്പുകൾ) ഇതിലേതാണോ ആദ്യം വരുന്നത് അതുവരെയുള്ള കാലാവധിയാണ് വാർഷിക പാസിന് ഉണ്ടായിരിക്കുക,വാർഷിക പാസ് 200 ട്രിപ്പുകൾ പൂർത്തിയാക്കിയാലോ അല്ലെങ്കിൽ ആക്ടിവേഷൻ തീയതി മുതൽ ഒരു വർഷം കഴിഞ്ഞാലോ, അത് ഓട്ടോമാറ്റിക്കായി ഒരു സാധാരണ ഫാസ്റ്റ്ടാഗിലേക്ക് മാറും. വാർഷിക പാസ് ആനുകൂല്യങ്ങൾ ഉപയോഗിക്കുന്നത് തുടരാൻ, ഉപയോക്താവ് 200 ട്രിപ്പുകൾ / 1 വർഷത്തെ സാധുത ലഭിക്കുന്നതിന് വാർഷിക പാസ് വീണ്ടും ആക്ടിവേറ്റ് ചെയ്യേണ്ടതുണ്ട്.

**Q7. Is the Annual Pass available for all vehicle types?**

**ചോദ്യം 7. എല്ലാത്തരം വാഹനങ്ങൾക്കും വാർഷിക പാസ് ലഭ്യമാകുമോ?**

No. The Annual Pass is applicable only for private non-commercial Car/Jeep/Van after checking through VAHAN database. Use in any commercial vehicle will result in immediate deactivation without notice.

ഇല്ല. വാഹൻ ഡാറ്റാബേസ് മുഖേന പരിശോധിച്ചതിന് ശേഷം സ്വകാര്യ വാണിജ്യേതര കാർ/ജീപ്പ്/വാൻ എന്നിവയ്ക്ക് മാത്രമേ വാർഷിക പാസ് ബാധകമാകൂ. ഏതെങ്കിലും വാണിജ്യ വാഹനങ്ങളിൽ ഉപയോഗിച്ചാൽ മുൻകൂർ അറിയിപ്പ് കൂടാതെ ഉടനടി ഡീആക്ടിവേറ്റ് ചെയ്യപ്പെടും.

**Q8. Can I transfer my Annual Pass to another vehicle?**

**ചോദ്യം 8. എനിക്ക് എന്റെ വാർഷിക പാസ് മറ്റൊരു വാഹനത്തിലേക്ക് മാറ്റാൻ കഴിയുമോ?**

No. The pass is non-transferable and is valid only for the vehicle on which the FASTag is affixed and registered. Using it on another vehicle will lead to deactivation.

ഇല്ല. ഈ പാസ് കൈമാറ്റം ചെയ്യാൻ കഴിയില്ല, ഫാസ്റ്റ് ടാഗ് പതിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള വാഹനത്തിന് മാത്രമേ ഇത് സാധുതയുള്ളൂ. മറ്റൊരു വാഹനത്തിൽ ഇത് ഉപയോഗിക്കുന്നത് ഡീആക്ടിവേഷനിലേക്ക് നയിക്കും.

**Q9. Do I need to have the FASTag affixed on the vehicle's windshield?**

**ചോദ്യം 9. ഞാൻ വാഹനത്തിന്റെ വിൻഡ്ഷീൽഡിൽ ഫാസ്ടാഗ് പതിപ്പിക്കേണ്ടതുണ്ടോ?**

Yes. The Annual Pass will be activated only on FASTags properly affixed to the windshield of the registered vehicle.

അതെ. രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ വിൻഡ്ഷീൽഡിൽ ശരിയായി പതിപ്പിച്ചിരിക്കുന്ന ഫാസ്റ്റ്ടാഗുകളിൽ മാത്രമേ വാർഷിക പാസ് ആക്ടിവേറ്റ് ആകൂ.

**Q10. Can I get an Annual Pass if my FASTag is registered using a chassis number?**

**ചോദ്യം 10. എന്റെ ഫാസ്റ്റാഗ് ഒരു ഷാസി നമ്പർ ഉപയോഗിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിൽ എനിക്ക് വാർഷിക പാസ് ലഭിക്കുമോ?**

No. The Annual Pass cannot be issued on FASTags registered only with a chassis number. You must update the Vehicle Registration Number (VRN) to activate the Annual Pass.

ഇല്ല. ഷാസി നമ്പർ മാത്രം ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത ഫാസ്റ്റാഗുകൾക്ക് വാർഷിക പാസ് നൽകാൻ കഴിയില്ല. വാർഷിക പാസ് ആക്ടിവേറ്റ് ചെയ്യുന്നതിന് നിങ്ങൾ വാഹന രജിസ്ട്രേഷൻ നമ്പർ (വി.ആർ.എൻ.) അപ്ഡേറ്റ് ചെയ്യണം.

**Q11. What counts as a single trip under the Annual Pass?**

**ചോദ്യം 11. വാർഷിക പാസിന് കീഴിൽ ഒറ്റ ട്രിപ്പായി കണക്കാക്കുന്നത് എന്താണ്?**

- **For point-based fee plazas:** Each crossing of fee plaza counts as one trip. A round trip (to and fro) counts as two trips.

- **പോയിന്റ് അധിഷ്ഠിത ഫീ പ്ലാസകൾക്ക്**: ഫീ പ്ലാസയുടെ ഓരോ ക്രോസിംഗും ഒരു ട്രിപ്പായി കണക്കാക്കും. ഒരു റൗണ്ട് ട്രിപ്പ് (അങ്ങോട്ടും ഇങ്ങോട്ടും) രണ്ട് ട്രിപ്പുകളായി കണക്കാക്കും.

- **For Closed Tolling fee plazas**: One pair of entry and exit counts as one trip.

- **ക്ലോസ്ഡ് ടോളിംഗ് ഫീ പ്ലാസകൾക്ക്**: ഒരു ജോഡി എൻട്രി, എക്സിറ്റ് ഒരു ട്രിപ്പായി കണക്കാക്കും.

**Q12. Will I receive SMS notifications related to my Annual Pass?**

**ചോദ്യം 12. എന്റെ വാർഷിക പാസുമായി ബന്ധപ്പെട്ട എസ്.എം.എസ്. അറിയിപ്പുകൾ എനിക്ക് ലഭിക്കുമോ?**

Yes. By activating the Annual Pass, you consent to allow Rajmargyatra to retrieve your registered mobile number from the issuing bank for the purpose of sending SMS alerts and other mode of communication.

അതെ. വാർഷിക പാസ് ആക്ടിവേറ്റ് ചെയ്യുന്നതിലൂടെ, എസ്.എം.എസ്. അലേർട്ടുകൾ അയയ്ക്കുന്നതിനും മറ്റ് ആശയവിനിമയ രീതികൾക്കുമായി നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഇഷ്യൂ ചെയ്യുന്ന ബാങ്കിൽ നിന്ന് വീണ്ടെടുക്കാൻ രാജ്മാർഗ്യാത്രയ്ക്ക് നിങ്ങൾ സമ്മതം നല്കുകയാണ്.

**Q13. Is Annual Pass mandatory or what if road user doesn’t want to opt for Annual Pass?**

**ചോദ്യം 13. വാർഷിക പാസ് നിർബന്ധമാണോ അഥവാ റോഡ് ഉപയോക്താക്കൾ വാർഷിക പാസ് തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ എന്തുചെയ്യും?**

The Annual Pass is not mandatory, existing FASTag ecosystem will continue to operate as is. Users who do not opt for the Annual Pass can continue to use their FASTag for regular transactions as per applicable user fee rates at fee plazas.

വാർഷിക പാസ് നിർബന്ധമല്ല, നിലവിലുള്ള ഫാസ്ടാഗ് ഇക്കോസിസ്റ്റം അതേപടി ഓപ്പറേറ്റ് ചെയ്യുന്നത് തുടരുന്നതാണ്. വാർഷിക പാസ് തിരഞ്ഞെടുക്കാത്ത ഉപയോക്താക്കൾക്ക് ഫീസ് പ്ലാസകളിൽ ബാധകമായ ഉപയോക്തൃ ഫീസ് നിരക്കുകൾ അനുസരിച്ച് പതിവ് ഇടപാടുകൾക്കായി അവരുടെ ഫാസ്ടാഗ് ഉപയോഗിക്കുന്നത് തുടരാനാവും.

**Q 14. Do I need to recharge my FASTag with ₹3000, or can the existing FASTag balance be used for Annual Pass activation?**

**ചോദ്യം 14. വാർഷിക പാസ് ആക്ടിവേഷനായി ഞാൻ എന്റെ ഫാസ്റ്റ്ടാഗ് 3000 രൂപ ഉപയോഗിച്ച് റീചാർജ് ചെയ്യേണ്ടതുണ്ടോ, അതോ നിലവിലുള്ള ഫാസ്റ്റ്ടാഗ് ബാലൻസ് ഉപയോഗിക്കാമോ?**

No. In the first phase, the Annual Pass can only be activated through the Rajmargyatra App or website by making a payment of ₹3000 via the app/website. The existing balance in your FASTag wallet cannot be used for this purpose.

ഇല്ല. ആദ്യ ഘട്ടത്തിൽ, ആപ്പ്/വെബ്സൈറ്റ് വഴി ₹3000 പേയ്മെന്റ് നടത്തി രാജ്മാർഗ്യാത്ര ആപ്പ് അല്ലെങ്കിൽ വെബ്സൈറ്റ് വഴി മാത്രമേ വാർഷിക പാസ് ആക്ടിവേറ്റ് ചെയ്യാൻ കഴിയൂ. നിങ്ങളുടെ ഫാസ്റ്റാഗ് വാലറ്റിൽ നിലവിലുള്ള ബാലൻസ് ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ കഴിയില്ല.